LIBRARY ARCHIVES Kerala Legislative Assembly

അരീക്കര മുളനിൽക്കുന്നതിൽപ്പടി-താഴാംഭാഗം-പാറച്ചന്ത റോഡ് നവീകരണം

221 (671) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽപ്പെട്ട മുളകുഴ, വെൺമണി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അരീക്കര മുളനിൽക്കുന്നതിൽപ്പടി-താഴാംഭാഗം-പാറച്ചന്ത റോഡ് നബാർഡിന്റെ ധനസഹായത്തോടെ അനുവദിച്ച് 2007 ഫെബ്രുവരി 3-ാം തീയതി കരാർ ഒപ്പിട്ട് പ്രവൃത്തിയാരംഭിച്ചിട്ടും നാളിതുവരെ ഈ പ്രവൃത്തി പൂർത്തീകരിക്കാത്തത് എന്തുകാരണത്താലാണെന്ന് വിശദമാക്കുമോ ;

(ബി) തടസ്സങ്ങൾ നീക്കി പ്രവൃത്തി പുനരാരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) അടിയന്തരമായി ഈ റോഡിന്റെ പ്രവൃത്തി തീർത്ത് ഗതാഗത യോഗ്യമാക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് നബാർഡ് ആർഐഡിഎഫ്-ൽ ഉൾപ്പെടുത്തി ഏറ്റെടുത്ത അരീക്കര മുളനിൽക്കുന്നതിൽപ്പടി താഴംഭാഗം പാറച്ചന്ത റോഡിന്റെ മെറ്റലിംഗ് പൂർത്തിയായിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 2.5 കി.മീ നീളമുള്ള ടി റോഡിന്റെ മെറ്റലിംഗ് 2010 മാർച്ചിന് മുൻപുതന്നെ പൂർത്തിയായിട്ടുണ്ട്. 2010 ഏപ്രിലിൽ ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കമ്മിറ്റി തീരുമാനപ്രകാരം ബിറ്റുമിൻ വാങ്ങി നൽകിയെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം 2010 ഡിസംബറിലാണ് പ്രവൃത്തി പുനരാരംഭിച്ചത്. 770 മീറ്റർ ടാറിംഗ് പൂർത്തിയായിട്ടുണ്ട്. ബാക്കിഭാഗം 2011 മാർച്ച് 31-ന് മുൻപ് പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാണ് തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിരിക്കുന്നത്.

കണ്ണോത്ത്-പുല്ല റോഡ് നിർമ്മാണം

222 (672) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-മണലൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണോത്ത്-പുല്ല റോഡ് (മണലൂർ-തൃശ്ശൂർ ലിങ്ക് റോഡ്) നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ ഏജൻസി, എസ്റ്റിമേറ്റ് തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;